(സി) മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കേണ്ടതും ശുചിത്വ പരിപാലനം ഉറപ്പാക്കേണ്ടതും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിലും ചുമതലയിലും പെട്ടതാണ്. എന്നിരുന്നാലും സംസ്ഥാനത്ത് ടൂറിസം ഡെസ്റ്റിനേഷനുകളിലെ മാലിന്യ നിയന്ത്രണം സംബന്ധിച്ചും ഇതിന്റെ സംസ്കരണത്തിനുമായി ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, ഇതര ഏജൻസികൾ എന്നിവരുമായി ചേർന്ന് ടൂറിസം വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പു വരുത്തുന്നതിന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖാന്തിരം കുടുംബശ്രീയുമായി സഹകരിച്ച് "Clean Destination Campaign" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ കോവളം, മൂന്നാർ, കുമ്പളങ്ങി പഞ്ചായത്ത്, വർക്കല മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വിവിധ എൻ.ജി.ഒ കളുമായി സഹകരിച്ചു കൊണ്ട് മാലിന്യ നിർമ്മാർജ്ജന പദ്ധതികളും ഏറ്റെടുത്ത് നടത്തി വരുന്നു. കൂടാതെ ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ വിവിധ ഏജൻസികളുമായി ചേർന്ന് മാലിന്യ നിയന്ത്രണത്തിന് പ്രത്യേക പ്രാധാന്യം നൽകി വരുന്നു.

## ഉത്തരവാദിത്ത ടൂറിസം

179 (5906) ശ്രീ. രാജു എബ്രഹാം :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത ടൂറിസം മേഖലയിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്മുടെ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണ്;

(ബി) ഉത്തരവാദിത്ത ടൂറിസത്തിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങളിലൂടെ പ്രാദേശിക സമൂഹത്തിന് കൂടുതൽ വരുമാനം നേടിക്കൊടുക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(സി) ഉത്തരവാദിത്ത ടൂറിസം സംബന്ധിച്ച് പൊതുജനങ്ങൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ബോധവത്ക്കരണം, പരിശീലനം എന്നിവ നടത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉത്തരവാദിത്ത ടൂറിസം കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;വിശദാംശം നൽകാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉത്തരവാദിത്ത ടൂറിസം രംഗത്ത് മറ്റൊരു സംസ്ഥാനവും പ്രത്യേക പ്രോജക്ട് നടപ്പാക്കുന്നില്ല. ഈ രംഗത്ത് ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിനും അതു വഴി യു.എൻ.ഡബ്ല്യു.റ്റി.ഒ-യുടേതടക്കം ഒട്ടേറെ ദേശീയ അന്തർദേശീയ പുരസ്കാരങ്ങൾ നേടാനും കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ലഭിച്ച പുരസ്കാരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) ഉത്തരവാദിത്ത ടൂറിസത്തിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ 2011 ലാണ് ആരംഭിച്ചത്. പുതുതായി 3 കേന്ദ്രങ്ങളിൽക്കൂടി ടി പദ്ധതി വ്യാപിപ്പിച്ചു. വിവിധ ഉദ്പാദനഗ്രൂപ്പുകളെയും വിതരണ ഗ്രൂപ്പുകളെയും കണ്ടെത്തുകയും അവയെ ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തി വിദഗ്ദ്ധ പരിശീലന പരിപാടികൾ നടത്തിക്കൊണ്ട് യൂണിറ്റുകൾ രൂപീകരിച്ച് വരുമാന വർദ്ധനവിന് നടപടികൾ സ്വീകരിച്ചു. ഉത്തരവാദിത്ത ടൂറിസം-ഗ്രാമീണ ടൂറിസം പാക്കേജുകൾ തദ്ദേശീയർക്ക് മുതൽമുടക്കില്ലാതെ അധികവരുമാനം നേടാൻ സഹായിക്കുന്നു.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പൊതുജനങ്ങൾക്കും ബോധവൽക്കരണം, പരിശീലനം എന്നിവ വിവിധ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. 2017-18 പദ്ധതി വർഷത്തിൽ എല്ലാ ജില്ലകളിലും ഇത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഉത്തരവാദിത്ത ടൂറിസം കേരളത്തിലെ 14 ജില്ലകളിലും നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത മിഷന്റെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ ടൂറിസം കേന്ദ്രങ്ങളിലും സാദ്ധ്യതയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പ്രസ്തുത പദ്ധതി നടപ്പാക്കുന്നതാണ്.

**ആക്സിസിബിൾ ടൂറിസം പദ്ധതി**

180 (5907) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആക്സിസിബിൾ ടൂറിസം പദ്ധതി നടപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഇതിനകം നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെ;വിശദാംശങ്ങൾ നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.